Ref No: 9/SE/CS/AUG/2025-26

**Date: August 9, 2025**

**To,**

| | |
|---|---|
| **Listing Department**<br>**BSE Limited**<br>**Phiroze Jeejeebhoy Towers,**<br>**Dalal Street, Mumbai – 400001** | **Listing & Compliance Department**<br>**National Stock Exchange of India Limited**<br>**Exchange Plaza, 5th Floor**<br>**Plot No. C/1, “G” Block**<br>**Bandra- Kurla Complex**<br>**Bandra(E), Mumbai- 400051** |
| **BSE Scrip Code: 544020** | **NSE Symbol: ESAFSFB** |

Dear Sir/ Madam,

**Sub: Intimation about Newspaper Publication of Unaudited Standalone Financial Results for the Quarter ended June 30, 2025**

Pursuant to Regulation 47 of the Securities and Exchange Board of India (Listing Obligations and Disclosure Requirements) Regulations, 2015, we enclose herewith a copy of Newspaper clipping published in all editions of "Businessline", an English Newspaper and all editions of "Deepika", a Malayalam Newspaper, for the Quarter ended June 30, 2025.

A copy of the same is enclosed herewith.

Requesting you to take the same into your records

Thanking you,

Yours Faithfully,

**For ESAF Small Finance Bank Limited**

RANJITH RAJ PARAMESWARAN

Digitally signed by RANJITH RAJ PARAMESWARAN
Date: 2025.08.09 14:37:51 +05'30'

**Ranjith Raj. P**
**Company Secretary and Compliance Officer**

## QUICKLY.

### Forex reserves drop $9.32 b to $688.87 billion



**Mumbai:** The country's forex reserves dropped by $9.322 billion to $688.871 billion for the week ended August 1 in one of the highest declines in the recent past, RBI data showed on Friday. The overall reserves rose by $2.703 billion to $698.192 billion in the previous reporting week. For the week ended August 1, foreign currency assets decreased by $7.319 billion to $581.607 billion. PTI

### IOC, BPCL to buy 22 million barrels of non-Russian crude

**New Delhi/Singapore:** Indian Oil Corp and Bharat Petroleum Corp have bought at least 22 million barrels of non-Russian crude for delivery in September and October, trade sources said, after tUS pressured India to halt purchases from Russia. REUTERS

# Govt withdraws I-T Bill from LS, accepts all 285 proposals of panel

**TAX OVERHAUL.** Fresh Bill will be introduced after incorporating the necessary tweaks, says Finance Minister

**Our Bureau**
New Delhi

The government on Friday withdrew the Income Tax Bill, 2025, from the Lok Sabha with Finance Minister Nirmala Sitharaman informing the MPs that a fresh Bill will be introduced after incorporating the necessary tweaks to convey the correct legislative meaning. Sources said the Bill will be introduced on August 11.

The FM told MPs that all the 285 recommendations of the Select Committee had been accepted by the government. Explaining why the Bill was going to be re-introduced, the FM said in a statement circulated among MPs: "Suggestions have also been received from other sources which are required to be incorporated to convey the correct legislative meaning. There are corrections in the nature of drafting, alignment of phrases, consequential changes and cross-referencing."



**REFORMS ON THE CARDS.** Finance Minister Nirmala Sitharaman during the monsoon session of Parliament in New Delhi on Friday PTI

"A fresh Bill would be introduced in the Lok Sabha in due course which would replace the Income Tax Act, 1961," she said.

**NEW VERSION**

Later, a source said that to avoid confusion by multiple versions of the Bill and to provide a clear and updated version, the new version of the Income Tax Bill will be introduced for the consideration of the House on Monday.

The Committee has advocated a standard 30 per cent deduction to be calculated post-deduction of municipal taxes and for pre-construction interest deductions to be made available even for let-out properties. It recommended allowing taxpayers to claim TDS refund even after the ITR filing due date without paying any penal charges. It proposed an amendment to Clause 119 to allow companies to carry forward and set off losses upon restoration of the mandated 51 per cent shareholding following temporary changes, while pushing for clarity in defining "beneficial owner" to avoid interpretational ambiguities.

The Committee favoured reintroduction of nil withholding certificates, which will help prevent refund backlogs for genuine zero-tax cases, including non-residents entitled to treaty relief on cross-border transactions. Another amendment reinstating the deduction in respect of inter-corporate dividends is an important one. At the same time, investment in securities by specified investment funds, in accordance with the provisions of the International Financial Services Authority Act, 2019, have been included in the definition of the term 'capital asset'.

Commenting on the move, Vivek Jalan-Partner at Tax Connect Advisory Services LLP, said that suggestions by trade and industry, accepted by the Select Committee, necessitated certain clauses/words/sentences/ etc to be added/deleted from the Feb '25 Income Tax Bill.

"For example, Clause 263 (1)(a)(ix) of the Feb '25 Income Tax Bill 2025 required that a person seeking refunds under Chapter XX must mandatorily file income tax returns within due date. Considering this representation and that such a provision would create a hardship for all taxpayers who miss the due dates due to genuine reasons, the Finance Ministry, while finalising the draft Income Tax Bill 2025, appropriately deleted clause 263(1)(ix) so that there is no unnecessary litigation in this matter, which would have impacted all taxpayers.

"The New Income Tax Bill, which will be re-tabled on August 11, would see that Clause (ix) would be removed and the later clauses will move up i.e. Clause (x) should become the new Clause (ix)," he said.

# PM E-Drive extended by 2 years to March 2028

**S Ronendra Singh**
New Delhi

The Centre on Friday extended the Prime Minister Electric Drive Revolution in Innovative Vehicle Enhancement (PM E-Drive) Scheme by two years to March 2028, from the earlier deadline of March 2026.

Through a gazette notification, it also clarified that the scheme's ₹10,900 crore outlay will remain the same, and there will be no additional disbursements.

*businessline*, on August 4, had written that the PM E-Drive scheme is going to be extended till March 2028, with no additional outlay, as per the Ministry of Finance's communication to the Ministry of Heavy Industries (MHI). The scheme was kicked off from October 1, 2024, and was supposed to go on till March 2026.

**EV ADOPTION**

"The PM E-Drive Scheme, with an outlay of ₹10,900 crore, shall be implemented from October 1, 2024 to March 31, 2028, for faster adoption of electric vehicles (EVs), setting up of charging infrastructure and development of EV manufacturing ecosystem in the country," the gazette notification said.

◉ **GREEN PUSH**
The PM E-Drive scheme shall be implemented from October 1, 2024 to March 31, 2028


It further said that in case the funds for the scheme or its relevant sub-components are exhausted prior to the terminal date (March 31, 2028), then it will be closed accordingly, meaning no further claims will be entertained.

"However, the terminal date for registered electric two-wheeler (e-2W), registered e-rickshaws and e-cart and registered e-3W (L5) shall be March 31, 2026," it added.

On August 3, this newspaper had quoted sources saying that the MHI was seeking this extension because some segments, like e-trucks and e-ambulances, will take more time to be rolled out and the funds can be utilised in some other segments that are quickly coming out in the market.

# Capex of CPSEs crosses 28% of target in April-July of FY26

**Shishir Sinha**
New Delhi




*including 4 other orgainsations Source: DPE

Capital expenditure by 60 Central public sector enterprises (CPSEs) and 4 other organisations has reached over 28 per cent of target in the first four months of the current fiscal (2025-26), data from the Public Enterprises Department showed.

These CPSEs include NTPC, ONGC, Indian Oil, GAIL, Coal India and Hindustan Aeronautics, besides organisations such as the National Highway Authority of India and Railway Board. Capital expenditure by CPSEs is key to overall growth as private sector capex is still subdued.

Data showed that as against the target of over ₹7.84 lakh crore, CPSEs made a capital expenditure of over ₹2.20 lakh crore during April-July period of FY26.

This is over 28 per cent of the target. Last year, the target was over ₹7.76 lakh crore while achievement was over ₹2.15 lakh crore or 27.75 per cent. Among CPSEs, NTPC spent over ₹11,700 crore, while NHAI and the Railway Board spent over ₹45,600 crore and over ₹79,000 crore, respectively.

**TAPPING OPPORTUNITIES**

CPSEs are encouraged to take up capex to achieve profitable growth in their business. A large capex creates growth opportunities and further employment. Several key performance indicators have been included in the annual MoU framework for the CPSEs on which the companies are evaluated and this includes capex, besides return on net-worth or return on capital employed, export and import as per cent of revenue, EBIDTA as per cent of revenue and asset turnover ratio.

This data has come at a time when capex by the Central government has seen good growth during first quarter (April-June period). It reached 25 per cent of budget allocation as reported by Controller General of Accounts (CGA). Union Budget provided over ₹11.21 lakh crore for FY26 capital expenditure, of which over ₹2.75 lakh crore was spent during the first quarter. However, it is over 50 per cent higher than the amount spent during the corresponding period of the previous fiscal year, when the model code of conduct impacted spending during the general elections.

**TOP SPENDER**

Among the Central ministries/separtments, the Department of Telecommunication led the list of spenders, utilising 34 per cent of the Budget allocation. The Railways followed with 30 per cent, Road Transport and Highways with 23 per cent and Housing & Poverty Alleviation with 20 per cent. Higher spending by infrastructure ministries is expected to have a positive impact on the overall growth number, data for which will be released on August 29.

# Govt to make no changes in DPDP Act; FAQs to be issued soon, say sources

**Press Trust of India**
New Delhi

The government does not see any scope for making changes in the Digital Personal Data Protection Act 2023 and may issue a detailed reply soon to explain issues raised by journalists and civil rights bodies, an official source said on Friday.

Civil rights and journalists' bodies on Wednesday expressed apprehension over the Digital Personal Data Protection (DPDP) Act, saying the provisions under it may fail the Right to Information (RTI) Act and end press freedom.

"The (DPDP) Act has been passed by Parliament. Therefore no changes can be made now. Rules are being processed which can only be framed within the ambit of the Act," the source said.

Government sources said the DPDP Act and draft rules under it have been framed after receiving thousands of inputs from multiple entities. About government assurance on frequently asked questions (FAQs), the source said it will be issued soon.

Senior Congress leader Jairam Ramesh recently said deletion of the proviso in the RTI Act that recognises citizens' right to information as being at par with that of legislators is "completely unwarranted", and urged IT Minister Ashwini Vaishnaw to pause, review and repeal the amendment made to the original legislation of 2005.

Vaishnaw responded to Ramesh, saying that personal details that were subject to public disclosure under various laws would continue to be disclosed under the RTI Act after the implementation of the new data protection rule.

# AU SFB to transfer promoter stake to NOHFC as part of universal bank transition

**Our Bureau**
Mumbai

AU Small Finance Bank (AU SFB) will transfer its promoter and promoter group's shareholding — currently nearly 23 per cent — into a Non-Operative Financial Holding Company (NOFHC) as part of its transition into a universal bank, MD & CEO Sanjay Agarwal told reporters here on Friday.

"The Reserve Bank of India has given us 18 months to complete this transition," he said. The SFB on July 7 became the first lender in its category to receive the RBI's in-principle approval for transition to a universal bank regime. The bank has been asked to transfer the promoter's shareholding into NOFHC as part of the in-principle approval extended by the regulator.

**LOWER COST OF FUNDS**

Agarwal said the immediate benefit that the SFB sees from the RBI's in-principle approval would be lower cost of funds.



Sanjay Agarwal, MD &CEO, AU Small Finance Bank

"We believe that this licence will push our business momentum more, specially (helping bank) raising funds at a cheaper cost, which will help us serve customers better. I don't think that our business model will undergo tremendous change over 3-5 years...," he said.

The problem with having a "small finance bank" tag, Agarwal said, was the "unnecessary discussions" which employees were forced to have with customers. As an SFB, customers frequently asked bank employees that whether it is a co-operative bank, does it accept large deposits, how secured is the bank and is it as good as other banks.

"I think this licence will take away all challenges for people on ground and you can focus on business itself. If you get validation from a regulator like RBI, it sends a strong message to public that this bank is safe enough," Agarwal said.

thehindu businessline.
Classifieds
REAL ESTATE
SELLING
RESIDENTIAL HOUSE
BANJARA HILLS Fully Furnished 4BHK Bunglow For Sale Contact 9440856856, 9848020501
To advertise visit www.thehinduads.com
Toll Free: 1800 102 4161

# Centre to hold monthly reviews of airlines

**Rohit Vaid**
New Delhi

The Centre will hold monthly reviews of the operations of domestic airlines to make the civil aviation sector more responsive to the needs of passengers and address safety concerns, sources told *businessline*.

As part of the initiative, Civil Aviation Minister Ram Mohan Naidu will hold monthly meetings with the leadership of Indian airlines.

"The structured initiative aims to enhance transparency and accountability. It will promote better service standards across airlines operating in India," sources told *businessline*.

"The monthly meetings will serve as a platform for dialogue between the Ministry of Civil Aviation and top executives of Indian airlines, focusing on critical areas such as fluctuating airfares, flight delays, safety compliance, and overall passenger experience."

Sources pointed out that the meetings will be conducted under a formalised structure to ensure consistent engagement and systematic follow-up. "These sessions will help in addressing operational challenges, monitor airline preparedness and enhance grievance redressal system," sources said.



Civil Aviation Minister Ram Mohan Naidu

Besides enabling interventions during disruptions, the initiative, sources said, intends to provide early warnings on fare spikes and improve coordination between government agencies and airlines.

**DYNAMIC PRICING**

"Dynamic pricing, frequent delays and abrupt cancellations are among the top complaints we receive from passengers. These discussions will help us in making airlines accountable," sources added. Further, sources said, the mechanism will also focus on aviation safety and security, especially in light of recent incidents.

The review meetings will include inputs from the Directorate General of Civil Aviation (DGCA) and airport operators to frame "a 360-degree assessment of safety, security and quality standards".

**REGULAR UPDATES**

"The objective is to ensure that no compromises are made when it comes to passenger safety," sources said, adding that the Ministry will seek regular updates from airlines on crew training, aircraft maintenance and incident response procedures.

Notably, the move comes amid rising concerns over fluctuating airfares and recent safety incidents, which have drawn public and parliamentary attention.

At the same time, the DGCA has stepped up safety audits of airlines.

Meanwhile, industry experts contend that government "interventions and monitoring have become all the more critical" due to the rise in passenger numbers.

www.esafbank.com
customercare@esafbank.com
/ESAFSmallFinanceBank
@ESAFBank
24x7 Toll Free: 1800-103-3723
A Scheduled Commercial Bank
ESAF SMALL FINANCE BANK
Joy of Banking

EXTRACT OF THE DETAILED FORMAT OF UNAUDITED FINANCIAL RESULTS FOR THE QUARTER ENDED 30TH JUNE 2025

₹ In Lakh

| Sl. No. | Particulars | Quarter ended 30th June 2025 | Quarter ended 31st March 2025 | Quarter ended 30th June 2024 | Year ended 31st March 2025 |
|---|---|---|---|---|---|
| | | Unaudited | Audited | Unaudited | Audited |
| 1 | Total Income from Operations | 1,02,337 | 1,03,678 | 1,13,774 | 4,32,931 |
| 2 | Net Profit/(Loss) for the period/ year before Tax | (10,920) | (24,084) | 8,492 | (69,297) |
| 3 | Net Profit/(Loss) for the period/ year after Tax | (8,122) | (18,319) | 6,277 | (52,139) |
| 4 | Total Comprehensive Income for the period/ year | Not Applicable | Not Applicable | Not Applicable | Not Applicable |
| 5 | Paid-Up Equity Share Capital | 51,543 | 51,543 | 51,478 | 51,543 |
| 6 | Reserves (Excluding Revaluation Reserves) | | | | 1,42,958 |
| 7 | Share Premium | 77,908 | 77,908 | 77,487 | 77,908 |
| 8 | Net Worth | 1,86,379 | 1,94,501 | 2,55,840 | 1,94,501 |
| 9 | Outstanding Debt | 1,60,498 | 1,40,573 | 2,86,883 | 1,40,573 |
| 10 | Outstanding Redeemable Preference Shares | - | - | - | - |
| 11 | Debt Equity Ratio | 0.51 | 0.56 | 0.76 | 0.56 |
| 12 | Earnings per Share (EPS) (Face Value of ₹ 10/- each)* - Basic (₹ ) | (1.58) | (3.56) | 1.22 | (10.13) |
| | - Diluted (₹ ) | (1.57) | (3.55) | 1.22 | (10.12) |
| 13 | Total Debts ** to Total Assets | 6.01% | 5.17% | 10.69% | 5.17% |
| 14 | Capital Adequacy Ratio - Basel II | 22.74% | 21.84% | 23.46% | 21.84% |
| 15 | % of Gross NPA to Gross Advances | 7.48% | 6.87% | 6.61% | 6.87% |
| 16 | % of Net NPA to Net Advances | 3.77% | 2.99% | 3.22% | 2.99% |
| 17 | Return on Assets * | (0.30)% | (0.67)% | 0.24% | (1.94)% |

* Quarterly numbers are not annualised
**Debt represents borrowings with residual maturity of more than one year. Total debt represents total borrowings.

Note: 1) Capital Redemption Ratio, Debenture Redemption Reserve, Debt Service Coverage Ratio and Interest Service Coverage Ratio are not applicable being Banking company.

2) The above is an extract of the detailed format of quarterly financial results filed with the stock exchanges under Regulation 33 and Regulation 52 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015. The Full Format of the standalone Results for the quarter ended 30th June 2025 is available on the Stock Exchange websites www.bseindia.com, www.nseindia.com and also on the Company's website www.esafbank.com.

Place : Mannuthy
Date : 08th August 2025

Sd/-
Dr. Kadambelil Paul Thomas
Managing Director & CEO
DIN: 00199925

CIN: L65990KL2016PLC045669
Regd. & Corp. Office: ESAF Small Finance Bank, Building No. VII/83/8, ESAF Bhavan, Thrissur - Palakkad National Highway, Mannuthy, Thrissur, Kerala - 680 651.
MEMBER Global Alliance for Banking on Values
Download our mobile app GET IT ON Google Play Download on the App Store




കാഴ്ചക്കുറവുള്ള പിടി അഞ്ചാമൻ കാട്ടാനയ്ക്കു ചികിത്സ നല്കുന്ന വിവിധ ദൃശ്യങ്ങൾ.

# പിടി- അഞ്ചാമനു ചികിത്സ; ദൗത്യം വിജയകരം

**പാലക്കാട്:** കാഴ്ചക്കുറവുള്ള പിടി - അഞ്ചാമൻ കാട്ടാനയ്ക്കു ചികിത്സ നൽകി റേഡിയോ കോളർ ഘടിപ്പിച്ചശേഷം കാട്ടിലേക്കു തുറന്നുവിട്ടു. കണ്ണിൽമാത്രമാണ് പരിക്കുള്ളതെന്നും ശരീരത്തിലെ പരിക്ക് ഗുരുതരമല്ലെന്നും ചീഫ് വെറ്ററിനറി സർജൻ ഡോ. അരുൺ സക്കറിയ അറിയിച്ചു. രണ്ടാഴ്ചക്കാലം കാട്ടാനയുടെ സഞ്ചാരം നീരിക്ഷിക്കും. കാഴ്ചശക്തി വീണ്ടെടുക്കാനായില്ലെങ്കിൽ തുടർചികിത്സ നൽകുന്നതിനെപ്പറ്റി ആലോചിക്കും.

രണ്ടുമണിക്കൂറോളം മയക്കത്തിനുശേഷം ഉണർന്ന ആനയെ രണ്ടു കുങ്കിയാനകളുടെ സഹായത്തോടെയാണ് കാട്ടിലേക്കു തുരത്തിയത്.

ഇന്നലെ രാവിലെ എട്ടുമണിയോടെയാണ് ഡോ. അരുൺ സക്കറിയയുടെ നേതൃത്വത്തിൽ വിദഗ്ധസംഘവും നൂറോളം വനം വകുപ്പ് ഉദ്യോഗസ്ഥരും പോലീസും അഗ്നിശമനസേനയും ഓപ്പറേഷൻ പിടി- അഞ്ചാമൻ ദൗത്യം ആരംഭിച്ചത്. മലമ്പുഴ മാന്തുരുത്തിൽ നിലയുറപ്പിച്ച കാട്ടാനയ്ക്കുനേരേ രണ്ടുപ്രാവശ്യം മയക്കുവെടിവച്ചു. പത്തുമിനിറ്റിനകം ആന മയങ്ങിയതോടെ ഇരുകണ്ണുകളും കറുത്ത തുണികൊണ്ടുമൂടി വിദഗ്ധസംഘം പരിശോധനകൾ ആരംഭിച്ചു.

ആരോഗ്യപ്രശ്നവും പരിക്കുകൾ ഗുരുതരമല്ലെന്നും കണ്ടെത്തിയതിനാൽ കാട്ടിനകത്തുതന്നെ ചികിത്സ നൽകാൻ തീരുമാനിച്ചു. തുള്ളിമരുന്നുകൾ കണ്ണിൽ നൽകി. ദൗത്യം പൂർണമായും വിജയകരമെന്നു ഡോ. അരുൺ സക്കറിയ പറഞ്ഞു.

പിടി-അഞ്ചാമനെ വിദഗ്ധചികിത്സയ്ക്കായി കാട്ടിൽനിന്നു പുറത്തേക്കു കൊണ്ടുവരികയാണെങ്കിൽ സഹായത്തിനായി വയനാട്ടിൽനിന്നു വിക്രം, ഭരത് എന്നീ കുങ്കിയാനകളെയും എത്തിച്ചിരുന്നു.

മയക്കുവെടി വയ്ക്കുമ്പോൾ ആന അക്രമാസക്തനാകുകയാണെങ്കിൽ അനിഷ്ടസംഭവങ്ങളൊഴിവാക്കുന്നതിനുവേണ്ടി മലമ്പുഴ - കഞ്ചിക്കോട് റോഡിൽ ഗതാഗതനിരോധനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

ചികിത്സ നൽകുന്നതിനു മുന്നോടിയായി ജില്ലയിലെത്തിയ വനംമന്ത്രി ശശീന്ദ്രനും വനംവകുപ്പ് ഉദ്യോഗസ്ഥരും കഴിഞ്ഞദിവസം ചർച്ച നടത്തി വെള്ളിയാഴ്ച ദൗത്യം തുടങ്ങാൻ ആവശ്യപ്പെടുകയായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ചീഫ് കൺസർവേറ്റർ ഇ.സി. വിജയാനന്ദന്റെ അധ്യക്ഷതയിൽ ഡോ. അരുൺ സക്കറിയ, പാലക്കാട് ഡിഎഫ്ഒ രവികുമാർ മീണ, പാലക്കാട് വാളയാർ റേഞ്ച് ഓഫീസർമാരുടെ യോഗംചേർന്ന് ദൗത്യത്തിനുള്ള മുൻകരുതലുകളെക്കുറിച്ചും ചർച്ച ചെയ്തിരുന്നു.

# പ്രത്യാശയുടെ ജൂബിലി തീർഥാടനത്തിന് തടവുകാരും; സ്വീകരിച്ച് ലെയോ മാർപാപ്പ



വത്തിക്കാനിൽ തീർഥാടകരായി എത്തിയ വെനീസിൽനിന്നുള്ള തടവുകാർ ലെയോ പതിനാലാമൻ മാർപാപ്പയ്ക്കു സമ്മാനം നൽകുന്നു.

**വത്തിക്കാൻ സിറ്റി:** 2025 പ്രത്യാശയുടെ ജൂബിലിവർഷാചരണത്തോടനുബന്ധിച്ചുള്ള തീർഥാടനത്തിനായി വത്തിക്കാനിലെത്തി തടവുകാരും. വെനീസിലെ സാന്താ മാരിയ മജോരെ ജയിലിലെ മൂന്നു തടവുകാരാണ് പ്രത്യേക അനുമതിയോടെ കാൽനടയായി വത്തിക്കാനിലെത്തിയത്. വെനീസ് പാത്രിയാർക്കീസും ജയിലിന്റെ ചാപ്ലയിനുമായ ആർച്ച്ബിഷപ് ഫ്രാഞ്ചെസ്കോ മൊറാല്യ ഉൾപ്പെടെയുള്ളവർ ഇവരെ അനുഗമിച്ചിരുന്നു. തീർഥാടകസംഘത്തെ ലെയോ പതിനാലാമൻ മാർപാപ്പ സ്വീകരിച്ചു.

സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ വിശുദ്ധ വാതിൽ കടന്ന തടവുകാർ, മാർപാപ്പയെ സന്ദർശിച്ച് തങ്ങളുടെ ആത്മീയ സന്തോഷം പങ്കുവച്ചു. വെനീസിൽനിന്നു കൊണ്ടുവന്ന ഏതാനും സമ്മാനങ്ങളും തടവുപുള്ളികൾ മാർപാപ്പയ്ക്കു നൽകി.

തികച്ചും സൗഹാർദപരമായിരുന്നു മാർപാപ്പയുമായുള്ള കൂടിക്കാഴ്ചയെന്നും അദ്ദേഹം ഒരു സുഹൃത്തെന്ന നിലയിൽ തങ്ങളോടു സംസാരിച്ചുവെന്നും വിവിധ പ്രശ്നങ്ങൾ ചോദിച്ചറിഞ്ഞുവെന്നും തടവുകാർ പറഞ്ഞു.

ഏകദേശം 20 വർഷം മുമ്പ് താൻ വെനീസിൽ ഉണ്ടായിരുന്നപ്പോഴുള്ള അനുഭവങ്ങൾ മാർപാപ്പ പങ്കുവച്ചു.

ശിക്ഷാകാലാവധി കഴിഞ്ഞു നിയമപ്രകാരം മടങ്ങാനുള്ള തയാറെടുപ്പിനിടെയാണ് മൂന്നു തടവുകാരും വത്തിക്കാനിലേക്കു കാൽനടയായി തീർഥാടനം നടത്തിയത്. റോമിലുള്ള മറ്റു ബസിലിക്കകളിലും സംഘം തീർഥാടനം നടത്തി.

## ചേർത്തലയിൽ സ്ത്രീകളെ കാണാതായ സംഭവം

# തെളിവു തേടി വ്യാപക പരിശോധന

**ചേർത്തല:** ദുരൂഹ സാഹചര്യത്തിൽ മൂന്നു സ്ത്രീകളെ കാണാതായ കേസിൽ തെളിവുതേടി അന്വേഷണ സംഘങ്ങൾ. ജെയ്നമ്മ കേസിലെ നിർണായക മായ ജെയ്നമ്മയുടെ ഫോൺ കണ്ടെത്തുക എന്ന പ്രധാന ആവശ്യത്തിലാണ് സെബാസ്റ്റ്യനെ വീണ്ടും കസ്റ്റഡിയിൽ വിട്ടിരിക്കുന്നത്. വെള്ളിയാഴ്ച ഫോണിനായി ചേർത്തലയിലും പള്ളിപ്പുറത്തും ഈരാറ്റുപേട്ടയിലും സെബാസ്റ്റ്യന്റെ ഭാര്യാ വീട്ടിലുമടക്കം സംഘം തെരച്ചിൽ നടത്തി. ഫോണിന്റെ ടവർ ലൊക്കേഷൻ കേന്ദ്രീകരിച്ച് ഇതു റീച്ചാർജു ചെയ്ത കടകളിലെല്ലാം സംഘമെത്തി വിവരങ്ങൾ തേടി.

ജൂലൈ 19 വരെ ഫോൺ ഇയാളുടെ കൈകളിലുണ്ടായിരുന്നതായി തെളിവു കിട്ടിയിരുന്നു. 19ന് ഈരാറ്റുപേട്ടയിൽ നൈനാൻപള്ളിക്കു സമീപമുള്ള മൊബൈൽ കടയിൽ നിന്നും ജെയ്നമ്മയുടെ നമ്പരിൽ 99 രൂപയ്ക്ക് റീചാർജ് ചെയ്തത് സൈബർസഹായത്താലും സമീപത്തെ സിസിടിവി ദൃശ്യങ്ങളിൽ നിന്നും വ്യക്തമായിരുന്നു. ഇതിനു ശേഷമാണ് ഫോൺ അപ്രത്യക്ഷമായിരിക്കുന്നത്. കാണാതായ ഘട്ടത്തിൽ ജെയ്നമ്മ പള്ളിപ്പുറത്തെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ തേടിയതായും സംഘം കണ്ടെത്തി.

സമീപത്തെ വീട്ടിലെത്തിയതെന്നാണ് ഇവർ അറിയിച്ചത്. ഇവരുടെ പഴ്സും മരുന്നും വാച്ചുമടക്കം അടുപ്പിലിട്ടു കത്തിച്ചെന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഇതിന്റെയെല്ലാം അവശിഷ്ടങ്ങൾ സെബാസ്റ്റ്യന്റെ വീട്ടിലെ അടുപ്പിൽനിന്നും കണ്ടെത്തിയിട്ടുണ്ട്.

ഇതേസമയം ഹയറുമ്മ (ഐഷ) കേസിൽ ചേർത്തല പോലീസും പുനരന്വേഷണം തുടങ്ങി. സ്റ്റേഷൻ ഓഫീസർ ജി.അരുണിന്റെ നേതൃത്വത്തിലാണ് അന്വേഷണം. സംഘം ഐഷയുടെ കൂട്ടുകാരികളിൽനിന്നും വിവരങ്ങൾ ശേഖരിച്ചു. കൂടുതൽ വിവരങ്ങൾക്കായി ചിലരെ സ്റ്റേഷനിലേക്കു വിളിച്ചിട്ടുണ്ട്. പ്രാഥമിക വിവരങ്ങൾക്കു ശേഷം റോസമ്മയടക്കമുള്ളവരെ വിശദമായി ചോദ്യം ചെയ്യും.

# കൃഷിയിടത്തിൽ പൊട്ടിവീണ വൈദ്യുതികമ്പിയിൽനിന്ന് ഷോക്കേറ്റു വീട്ടമ്മ മരിച്ചു



മരിച്ച ജൂലി

**എരുമപ്പെട്ടി (തൃശൂർ):** കുണ്ടന്നൂരിൽ കൃഷിയിടത്തിൽ പൊട്ടിവീണ വൈദ്യുതികമ്പിയിൽനിന്നു ഷോക്കേറ്റ് വീട്ടമ്മ മരിച്ചു. രക്ഷിക്കാൻ ശ്രമിച്ച ഭർത്താവിനും ഷോക്കേറ്റെങ്കിലും രക്ഷപ്പെട്ടു. കുണ്ടന്നൂർ തെക്കേക്കര മാളിയേക്കൽ ബെന്നിയുടെ ഭാര്യ ജൂലി(48) യാണ് ഷോക്കേറ്റ് മരിച്ചത്.

ഇന്നലെ രാവിലെ ഒമ്പതുമണിയോടെയാണ് അപകടമുണ്ടായത്. വീടിനോടുചേർന്നുള്ള കൃഷിയിടത്തിൽ തേങ്ങ പെറുക്കുവാൻ പോയതായിരുന്നു ജൂലി. പറമ്പിലെ മോട്ടോർപുരയിലേക്കു പോയിരുന്ന വൈദ്യുതി കമ്പി പൊട്ടി താഴെ വീണുകിടന്നിരുന്നു. കാടുപിടിച്ചു കിടന്നിരുന്നതിനാൽ പൊട്ടിവീണ വൈദ്യുതികമ്പി ജൂലി കണ്ടിരുന്നില്ല. ഇതിൽനിന്നാണ് ജൂലിക്കു ഷോക്കേറ്റത്.

പറമ്പിലേക്കുപോയ ജൂലി തിരിച്ചെത്താത്തതിനെതുടർന്ന് ഭർത്താവ് ബെന്നി ചെന്നുനോക്കുകയായിരുന്നു. ഷോക്കേറ്റുകിടന്ന ജൂലിയെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതിനിടെ ബെന്നിക്കും ഷോക്കേറ്റു. തെറിച്ചുവീണതിനാൽ ബെന്നി അദ്ഭുതകരമായി രക്ഷപ്പെട്ടു.

പരിക്കേറ്റ ജൂലിയെ നാട്ടുകാരുടെ സഹായത്തോടെ ഉടൻതന്നെ തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. വടക്കാഞ്ചേരി പോലീസും കെഎസ്ഇബി ഉദ്യോഗസ്ഥരും സ്ഥലത്തെത്തി.

മക്കൾ: ബെൻ സാംസൺ, അഞ്ജു മെറിൻ.



ഇടുക്കി പദ്ധതിയുടെ ഭാഗമായ ചെറുതോണി അണക്കെട്ടിന്റെ ദൃശ്യം. -ബിജു കലയത്തിനാൽ

# ഇടുക്കിയിൽ ജലനിരപ്പ് ബ്ലൂ അലർട്ട് ലെവൽ പിന്നിട്ടു

**തൊടുപുഴ:** ഇടുക്കി അണക്കെട്ടിൽ ജലനിരപ്പ് ബ്ലൂ അലർട്ട് ലെവൽ മറികടന്നു. ഇന്നലെ വൈകുന്നേരം ആറിന് ജലനിരപ്പ് 2377.16 അടിയാണ്. ഇതു സംഭരണശേഷിയുടെ 71 ശതമാനമാണ്. കഴിഞ്ഞ വർഷം ഇതേ ദിവസം 2366.09 അടിയായിരുന്നു ജലനിരപ്പ്. മുൻ വർഷത്തെ അപേക്ഷിച്ച് 9.50 അടി വെള്ളം നിലവിൽ കൂടുതലുണ്ട്. ജലനിരപ്പ് 2381.53 അടിയിലെത്തിയാൽ ഓറഞ്ച് അലർട്ടും 2382.53 അടിയിലെത്തിയാൽ റെഡ് അലർട്ടും പ്രഖ്യാപിക്കും. 2383.53 അടിയാണ് റൂൾ ലെവൽ.

നിലവിലെ റൂൾകർവനുസരിച്ച് 6.37 അടി വെള്ളംകൂടി ഉയർന്നാൽ അണക്കെട്ട് തുറക്കേണ്ടിവരും. അതേസമയം വൈദ്യുതി വകുപ്പിനു കീഴിലുള്ള സംസ്ഥാനത്തെ എല്ലാ അണക്കെട്ടുകളിലുമായി നിലവിൽ 76ശതമാനം വെള്ളമുണ്ട്. സംസ്ഥാനത്തെ ഒമ്പത് അണക്കെട്ടുകളിൽ ജലനിരപ്പ്റെഡ് അലർട്ട് ലെവലിലാണ്. ഇടുക്കി, കുറ്റ്യാടി അണക്കെട്ടുകളിലെ ജലനിരപ്പ് ബ്ലൂ അലർട്ട് ലെവലിലുമാണ്.

# ആക്രമിക്കപ്പെടുന്നതു രാജ്യത്തിന്റെ ഭരണഘടന കൂടി: മാർ താഴത്ത്

**വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവർ പേടിയോടെയാണ് കഴിയുന്നതെന്നും ആർച്ച്ബിഷപ്**

**തൃശൂർ:** ഒഡീഷയിൽ കന്യാസ്ത്രീകൾക്കും വൈദികർക്കും നേരേ ഉണ്ടായ ആക്രമണത്തിൽ അക്രമികൾക്കെതിരേ നടപടിയെടുക്കണമെന്നു സിബിസിഐ അധ്യക്ഷനും തൃശൂർ അതിരൂപത ആർച്ച്ബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത് കേന്ദ്ര, സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു. ആക്രമിക്കപ്പെടുന്നതു ക്രൈസ്തവന്യൂനപക്ഷം മാത്രമല്ല രാജ്യത്തിന്റെ ഭരണഘടന കൂടിയാണ്. കൃത്യമായ നടപടികൾ ഇല്ലാത്തതു കൂടുതൽ ആക്രമണങ്ങൾക്കു വഴിവയ്ക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

കുർബാനയ്ക്കും പള്ളിയുടെ ജൂബിലിയുമായി ബന്ധപ്പെട്ട ചർച്ചകൾക്കുമാണ് അവർ പോയത്. എന്നാൽ മതപരിവർത്തനമാണ് അക്രമികൾ ആരോപിച്ചത്. ആക്രമിക്കപ്പെട്ട മലയാളിവൈദികനുമായി സംസാരിച്ചു.

ഛത്തിസ്ഗഡിലെ കന്യാസ്ത്രീകൾക്ക് എതിരായ കേസ് റദ്ദാക്കണം. ഭരിക്കുന്ന പാർട്ടിക്കും പ്രതിപക്ഷത്തിനും ഇതിന് ഉത്തരവാദിത്വം ഉണ്ട്.

വിവിധ സംസ്ഥാനങ്ങളിലുള്ള ക്രൈസ്തവർ പേടിയോടെയാണ് കഴിയുന്നത്. ആ സാഹചര്യം ഇല്ലാതാവണം. ഇതിനുമുമ്പ് മൂന്നുതവണ പ്രധാനമന്ത്രിയെ കണ്ടപ്പോൾ ഈ കാര്യം പറഞ്ഞിരുന്നുവെന്നും മാർ താഴത്ത് വ്യക്തമാക്കി.


## കെഎസ്ഇബിയിലെ ഡിഎ, ഡിആർ കുടിശിക നൽകാൻ ഉത്തരവ്

**കൊച്ചി:** കെഎസ്ഇബിയിലെ ഡിഎ, ഡിആർ കുടിശിക ഈ മാസം മുതൽ നൽകാൻ ഹൈക്കോടതി ഉത്തരവ്. ആനുകൂല്യങ്ങൾ അനുവദിക്കാത്തതു ത്രികക്ഷി കരാറിനും വ്യവസായ തർക്കനിയമ പ്രകാരമുള്ള ദീർഘകാല കരാറുകൾക്കും വിരുദ്ധമാണെന്നു ചൂണ്ടിക്കാട്ടി കെഎസ്ഇബി പെൻഷനേഴ്സ് കൂട്ടായ്മ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റീസ് ടി.ആർ. രവിയുടെ ഇടക്കാല ഉത്തരവ്.

തുക ഒന്നിച്ചോ തവണകളായോ നൽകാമെന്നും ഉത്തരവിൽ പറയുന്നു.

## അമ്മൂമ്മയോട് വികൃതി കാണിച്ചതിനു ക്രൂര ശിക്ഷ

# രണ്ടാനച്ഛൻ മൂന്നാം ക്ലാസുകാരന്റെ കാല് ഇസ്തിരിപ്പെട്ടി ഉപയോഗിച്ച് പൊള്ളിച്ചു



രണ്ടാനച്ഛൻ മൂന്നാം ക്ലാസുകാരന്റെ ശരീരം ഇസ്തിരിപ്പെട്ടി കൊണ്ട് പൊള്ളിച്ച നിലയിൽ.

**ചവറ:** രണ്ടാനച്ഛൻ മൂന്നാം ക്ലാസുകാരന്റെ കാല് ഇസ്തിരിപ്പെട്ടി കൊണ്ട് പൊള്ളിച്ചതായി പരാതി. മൈനാഗപ്പള്ളി സ്വദേശി കൊച്ചനിയനാണ് എട്ടു വയസുകാരനെ പൊള്ളിച്ചത്. അമ്മൂമ്മയോട് വികൃതി കാണിച്ചതിനെ തുടർന്ന് രണ്ടാനച്ഛൻ ഇസ്തിരിപ്പെട്ടി ഉപയോഗിച്ച് പൊള്ളിക്കുകയായിരുന്നു. സ്കൂളിലെത്തിയ കുട്ടിയുടെ കാല് പൊള്ളിയിരിക്കുന്നത് കണ്ട് അധ്യാപിക വിവരം തിരിക്കിയപ്പോഴാണ് കുട്ടി ക്രൂരത പറഞ്ഞത്.

അങ്കണവാടി പ്രവർത്തകർ വിവരം ചവറ തെക്കുംഭാഗം പോലീസിനെ അറിയിച്ചു. തുടർന്ന് പോലീസ് തേവലക്കര പാലയ്ക്കൽ വാടകയ്ക്ക് താമസിക്കുന്ന മൈനാഗപ്പള്ളി സ്വദേശി കൊച്ചനിയനെയും കുട്ടിയെയും സ്റ്റേഷനിലെത്തിച്ചു. കുട്ടിയുടെ മൊഴിയെടുക്കുമ്പോഴാണ് താൻ അമ്മൂമ്മയോട് വികൃതി കാണിച്ചപ്പോൾ അച്ഛൻ ഇങ്ങനെ ചെയ്തതെന്ന് കുട്ടി പറഞ്ഞതായി പോലിസ് അറിയിച്ചു.

എന്നാൽ ആ സമയത്തെ ദേഷ്യത്തിൽ ഇങ്ങനെ ചെയ്യുകയായിരുന്നുവെന്ന് കൊച്ചനിയൻ പോലീസിനോട് പറഞ്ഞു.

പൊള്ളിയ സ്ഥലം പഴുത്ത് തുടങ്ങിയിട്ടും കുട്ടിയെ കൊച്ചനിയൻ ആശുപത്രിയിൽ കൊണ്ടുപോകാൻ കൂട്ടാക്കിയിട്ടില്ല. അമ്മ വിദേശത്തായതിനാൽ മുത്തശിയുടെയും കൊച്ചനിയന്റെയും സംരക്ഷണയിലാണ് കുട്ടി വളരുന്നത്.

സംഭവവുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം നടക്കുന്നതായി തെക്കുംഭാഗം പോലിസ് അറിയിച്ചു.

കുട്ടിയുടെ സുരക്ഷ കണക്കിലെടുത്ത് സിഡബ്ല്യുസിയിലേക്ക് മാറ്റിയിട്ടുണ്ട്. കുട്ടിയെ ഉപദ്രവിച്ചതിന്റെ പേരിൽ കൊച്ചനിയനെതിരേ പോലീസ് കേസെടുത്തു.

## കുട്ടികൾ വീടുകളിൽ നേരിടുന്ന ദുരനുഭവങ്ങൾ അറിയിക്കാൻ

# സ്കൂളുകളിൽ ഹെൽപ് ബോക്സുകൾ

**തിരുവനന്തപുരം:** സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഇനി ഹെൽപ് ബോക്സുകൾ സ്ഥാപിക്കുമെന്നു മന്ത്രി വി. ശിവൻകുട്ടി. ഫേസ്ബുക്ക് പോസ്റ്റിലൂടെയാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. വീട്ടിൽ ബന്ധുക്കളിൽനിന്ന് ദുരനുഭവങ്ങൾ നേരിടുന്ന സ്കൂൾ വിദ്യാർഥികളെ കണ്ടെത്താനും അവർക്ക് സംരക്ഷണം നൽകാനും പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കർമപരിപാടിയുടെ ഭാഗമായാണിത്.

കുട്ടികൾക്ക് സുരക്ഷിതമായി പരാതികൾ അറിയിക്കാനാണ് 'ഹെൽപ് ബോക്സ് ' സ്ഥാപിക്കുക.

സ്കൂളിലെ പ്രധാനാധ്യാപകർക്കായിരിക്കും ഇതിന്റെ ചുമതല. ആഴ്ചയിൽ ഒരിക്കലെങ്കിലും ഈ ബോക്സ് തുറന്ന് റിപ്പോർട്ടുകൾ വിലയിരുത്തി വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിനു കൈമാറണം.

MONSOON SALE
ആകർഷകമായ ഓഫറുകൾ

*T&C Apply. Limited Period Offer
MRUDULA FURNITURE WORLD
BAJAJ FINSERV
മൃദുല ഫർണിച്ചർ വേൾഡ് തൃശ്ശൂരിൽ മാത്രം
9946 851 951 sunday open
SALES • SERVICE • SPARES
ABC Complex, Near Jayalakshmi, Poothole Road, Thrissur
T2507-567982

ബാത്ത്റൂം ഫിറ്റിങ്ങ്സുകൾ തൂക്കി വാങ്ങിക്കുമ്പോൾ പകുതിയിലും താഴെ മാത്രമേ വില നൽകേണ്ടതുള്ളൂ ! 'അതും ഗ്യാരണ്ടിയോടുകൂടിത്തന്നെ'
KILO BAZAAR Powered By EUROTECH
SUPER COMBO OFFER
CABINET BASIN + ONE PCS TOILET
KILO BAZAAR EXCLUSIVE OFFERS

₹7900* Only
Conditions apply*
കേരളത്തിലെ പ്രധാന നഗരങ്ങളിൽ 25ൽ പരം ഷോറൂമുകൾ !
സമീപത്തുള്ള KILO BAZAAR ഷോറൂം ലൊക്കേഷൻ & ഓഫറുകൾ അറിയാൻ നിങ്ങളുടെ ജില്ല Whatsapp ചെയ്യൂ 8590 602 510
E2508-569829

www.esafbank.com
customercare@esafbank.com
/ESAFSmallFinanceBank
@ESAFBank
24x7 Toll Free: 1800-103-3723
A Scheduled Commercial Bank
ESAF
ESAF SMALL FINANCE BANK
Joy of Banking

## EXTRACT OF THE DETAILED FORMAT OF UNAUDITED FINANCIAL RESULTS FOR THE QUARTER ENDED 30TH JUNE 2025

₹ In Lakh

| Sl. No. | Particulars | Quarter ended 30th June 2025 | Quarter ended 31st March 2025 | Quarter ended 30th June 2024 | Year ended 31st March 2025 |
|---|---|---|---|---|---|
| | | Unaudited | Audited | Unaudited | Audited |
| 1 | Total Income from Operations | 1,02,337 | 1,03,678 | 1,13,774 | 4,32,931 |
| 2 | Net Profit/(Loss) for the period/ year before Tax | (10,920) | (24,084) | 8,492 | (69,297) |
| 3 | Net Profit/(Loss) for the period/ year after Tax | (8,122) | (18,319) | 6,277 | (52,139) |
| 4 | Total Comprehensive Income for the period/ year | Not Applicable | Not Applicable | Not Applicable | Not Applicable |
| 5 | Paid-Up Equity Share Capital | 51,543 | 51,543 | 51,478 | 51,543 |
| 6 | Reserves (Excluding Revaluation Reserves) | | | | 1,42,958 |
| 7 | Share Premium | 77,908 | 77,908 | 77,487 | 77,908 |
| 8 | Net Worth | 1,86,379 | 1,94,501 | 2,55,840 | 1,94,501 |
| 9 | Outstanding Debt | 1,60,498 | 1,40,573 | 2,86,883 | 1,40,573 |
| 10 | Outstanding Redeemable Preference Shares | - | - | - | - |
| 11 | Debt Equity Ratio | 0.51 | 0.56 | 0.76 | 0.56 |
| 12 | Earnings per Share (EPS) (Face Value of ₹ 10/- each)* - Basic (₹ ) | (1.58) | (3.56) | 1.22 | (10.13) |
| | - Diluted (₹ ) | (1.57) | (3.55) | 1.22 | (10.12) |
| 13 | Total Debts ** to Total Assets | 6.01% | 5.17% | 10.69% | 5.17% |
| 14 | Capital Adequacy Ratio - Basel II | 22.74% | 21.84% | 23.46% | 21.84% |
| 15 | % of Gross NPA to Gross Advances | 7.48% | 6.87% | 6.61% | 6.87% |
| 16 | % of Net NPA to Net Advances | 3.77% | 2.99% | 3.22% | 2.99% |
| 17 | Return on Assets * | (0.30)% | (0.67)% | 0.24% | (1.94)% |

* Quarterly numbers are not annualised
**Debt represents borrowings with residual maturity of more than one year. Total debt represents total borrowings.

Note: 1) Capital Redemption Ratio, Debenture Redemption Reserve, Debt Service Coverage Ratio and Interest Service Coverage Ratio are not applicable being Banking company.

2) The above is an extract of the detailed format of quarterly financial results filed with the stock exchanges under Regulation 33 and Regulation 52 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015. The Full Format of the standalone Results for the quarter ended 30th June 2025 is available on the Stock Exchange websites www.bseindia.com, www.nseindia.com and also on the Company's website www.esafbank.com.

Place : Mannuthy
Date : 08th August 2025

Sd/-
Dr. Kadambelil Paul Thomas
Managing Director & CEO
DIN: 00199925

CIN: L65990KL2016PLC045669
Regd. & Corp. Office: ESAF Small Finance Bank, Building No. VII/83/8, ESAF Bhavan, Thrissur - Palakkad National Highway, Mannuthy, Thrissur, Kerala - 680 651.
Global Alliance for Banking on Values
T2508-569757